**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**18 August 2017 / 25 Dhul Qaddah 1438 Hijira)**

## SURAH AL FIL (CH. 105) /
## സൂറ : അൽഫീൽ അധ്യായം (105)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം **സൂറ : അൽഫീൽ അധ്യായം (105)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

## WELL-WISHES FOR THE HAJJIS

## ഹാജിമാർക്ക് ആശംസകൾ

ഇന്നത്തെ എന്റെ ഖുത്തുബയുടെ മർമ്മ ഭാഗത്തേക്ക് വരുന്നതിന് മുൻപ് എന്റെ മൗറിഷ്യസിലെ മുസ്ലിം സഹോദരീ സഹോദരങ്ങൾക്ക് അഭിവാദനങ്ങൾ അർപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. കാരണം അവർ വളരെയധികം ത്യാഗങ്ങൾ ചെയ്തിട്ടാണ് ഹജ്ജ്കർമ്മം നിർവ്വഹിക്കുവാൻ തയ്യാറായിരിക്കുന്നത്. അവരുടെ ഹജ്ജ് കർമ്മം, അവരുടെ ത്യാഗങ്ങൾ, അവരുടെ സുരക്ഷതമായ യാത്ര, അതുപോലെ അവരുടെ ഭവനങ്ങളിലേക്കുള്ള മടക്കയാത്ര എല്ലാം എല്ലാം അനുഗ്രഹപ്രദമായിരിക്കുവാനായി ദുആ ചെയ്യുകയാണ്. മുഹമ്മദ് (സ) യുടെ ഉമ്മത്തിനു വേണ്ടിയും ഇസ്ലാമിനു വേണ്ടിയും അതുപോലെ ഇസ്ലാമിലെ എല്ലാ സഹോദരീ സഹോദന്മാർക്കും വേണ്ടിയും, ഇസ്ലാമിലെ ചര്യകൾ ഉപേക്ഷിച്ചു പോയ സഹോദരങ്ങൾക്കു വേണ്ടി പോലും, ദുആ ചെയ്യുകയാണ്. കാരണം അവർ ഈ താത്ക്കാലിക ലോകത്ത് നിന്ന് മടങ്ങി

പോകുന്നതിന് മുൻപ്, അവർ ഇസ്ലാമിന്റെ യഥാർത്ഥചര്യയിലേക്ക് മടങ്ങി വന്നേക്കാം. അവൻ നടപ്പിലാക്കിയ എല്ലാ മോശമായ ബിദ് അത്തുകളും ഉപേക്ഷിക്കുകയും ചെയ്തേക്കാം. അല്ലാഹു (ത) അവരെ യഥാർത്ഥ മുസ്ലിംകളാക്കിയേക്കാം അവർ സഹീഹിൽ ഇസ്ലാമിലെ ചര്യകൾ പിന്തുടർന്നേക്കാം.

ഹജ്ജ് കർമ്മത്തിനായി നല്ല ആരോഗ്യസ്ഥിതിയിൽ തന്നെ പോകുവാനും നല്ല ആരോഗ്യസ്ഥിതിയിൽ തന്നെ മടങ്ങി വരുവാനും കഴിയട്ടെ എന്നും പ്രാർത്ഥിക്കുന്നു. അതുപോലെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഹജ്ജ് നിർവ്വഹണാർത്ഥം പോകുന്ന എല്ലാ സഹോദരീ സഹോദരന്മാർക്കും അവരുടെ ഹജ്ജ് കർമ്മം അല്ലാഹു (ത) സ്വീകരിക്കട്ടെ എന്നും ദുആ ചെയ്യുന്നു. ഇൻശാ അല്ലാഹ് അല്ലാഹു (ത) ഹജ്ജിന്റെ വാതിൽ എല്ലാം മുസ്ലീംകൾക്കും തുറന്നു കൊടുക്കട്ടെ. അതോടൊപ്പം മാനവകുലത്തിന് മൊത്തത്തിലും ! ആരാണോ സത്യത്തെ അന്വേഷിച്ചുകൊണ്ട് അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് തിരിയുന്നത്. അവർക്കായി ഹജ്ജിന്റെ വാതിൽ തുറക്കപ്പെടട്ടെ അല്ലാഹു(ത) അവരുടെ ഹൃദയങ്ങൾ തുറന്ന് അവർക്ക് ഹിദായത്ത് നല്കട്ടെ. ഈ പരിശുദ്ധ ഭൂമിയിൽ നിന്നും അവർക്കും പ്രയോജനം ലഭ്യമാകട്ടെ,

## ദൈവീക വെളിപാടുകളും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനു വേണ്ടിയുള്ള ഉപദേശങ്ങളും

### DIVINE REVELATIONS & ADVICES FOR THE JAMAAT UL SAHIH AL ISLAM

രണ്ടാമതായി, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, മൗറിഷ്യസ് ജമാഅത്തുസ്സഹീഹീൽ ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം ഇതൊരു അനുഗ്രഹീത വെള്ളിയാഴ്ചയാണ്. അതെ, തീർച്ചയായും മൗറിഷ്യസ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം ഇതൊരു കാരുണ്യവും അനുഗ്രഹവും തന്നെയാണ്. നമ്മുടെ ജമാഅത്തിലെ

അംഗങ്ങളെ അല്ലാഹു(ത)അനുഗ്രഹിക്കുമ്പോൾ,അതിന്റെസമാനഫലം ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ സഹായിക്കുന്നു എന്നാണ്. അവന്റെ തെരഞ്ഞെടുക്കപ്പെട്ട ദാസന്മാരുടെ മേൽ അല്ലാഹു (ത) അവന്റെ അനുഗ്രഹവും കരുണയും ചൊരിയുന്നു, അപ്രകാരം അവന്റെ അനുഗ്രഹവർഷം അവന്റെ കരുണാവർഷം ചൊരിയുന്നു അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും അനുസരിക്കുന്ന തിലൂടെയാണ്. അപ്പോൾ തീർച്ചയായും അല്ലാഹു (ത) അവർക്ക് പ്രതിഫലം നൽകുന്നു. അല്ലാഹു (ത)ഒരു നിർദ്ദേശം നല്കുമ്പോൾ, പ്രസ്തുത നിർദ്ദേശം അല്ലാഹുവിൽ നിന്നാണ് വരുന്നത്. അഥവാ അല്ലാഹുവിന്റെ ദൂതൻ എന്തെങ്കിലും നിർദ്ദേശങ്ങൾ നല്കുമ്പോൾ, ഉപദേശങ്ങൾ, സന്ദേശങ്ങൾ, നല്കുമ്പോൾ അപ്പോൾ നിങ്ങൾ അതിന് ലബ്ബയ്ക്ക് പറയുക. അതായത് ഞാനിവിടെയുണ്ട് മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഞാൻ എപ്പോഴും തയ്യാറായി നില്ക്കുകയാണ്. ലഭിക്കുന്ന നിർദ്ദേശങ്ങൾ പിൻപറ്റുവാൻ, അല്ലാഹുവിന്റെ ഇച്ഛയ്ക്ക് കീഴടങ്ങുവാൻ. ഹജ്ജിനായി പോകുന്ന നമ്മുടെ സഹോദരീ സഹോദരന്മാർ എത്ര ലബ്ബ്യ്ക്ക് അല്ലാഹുമ്മലബ്ബയ്ക്ക പറയുന്നു എന്ന് നാം ഗാഢമായി ചിന്തിക്കുക.

നമ്മളും, അല്ലാഹുവിന്റെ മാർഗത്തിലുള്ള നമ്മുടെ എല്ലാവിധ ത്യാഗങ്ങളും അല്ലാഹുവിനെ പ്രീതിപ്പെടുത്തുവാനായി, നമ്മളും ലബ്ബയ്ക് പറയണം, നാം പ്രസ്തുത നിർദ്ദേശങ്ങൾക്കെതിരായി പ്രവർത്തിക്കരുത്. നാം യാതൊരു വിധ തർക്കത്തിനും തുടക്കമിടരുത്. അത് നീട്ടിക്കൊണ്ടു പോകുകയുമരുത്. പകരം നാം നിഷ്കപടമായി കീഴടങ്ങുക. അല്ലാഹുവിനെയും അവന്റെ പ്രവാചകനും കീഴടങ്ങുക

കഴിഞ്ഞ കാലത്ത് എപ്പോഴൊക്കെ അല്ലാഹു (ത) ഒരു നിർദ്ദേശം

നല്കിയിട്ടുണ്ടോ അപ്പോഴെക്കെ നാം അനുസരണം പുലർത്തിയിട്ടുണ്ട, അതിന് നിങ്ങൾ സാക്ഷികളുമാണ്. അത്തരം അനുസരണത്തിന്റെ ഫലമായി നമുക്ക് ലഭ്യമായിട്ടുള്ള പ്രതിഫലങ്ങൾക്കും നാം സാക്ഷികളാണ്. പ്രയാസങ്ങൾക്ക് നടുവിലൂടെ, പരിമിതമായ സൗകര്യങ്ങളിലൂടെയാണ് നാം അത് നേടി എടുത്തത്. അത്തരം പ്രയത്നങ്ങൾക്ക് അല്ലാഹു (ത) അവന്റെ ഭാഗത്തു നിന്ന് അവന്റെ കരുണാ വർഷം നമുക്കായി ചൊരിഞ്ഞു. നമുക്ക് ഈ ഫലങ്ങൾ ലഭ്യമായത് അവനെ അനുസരിച്ചതിലൂടെ മാത്രമാണ്. ആ അനുസരണമാണ് നാം വിജയശ്രീലാളിതരായി തീരുവാൻ കാരണമായത്.

നമ്മുടെ സൃഷ്ടാവായ അല്ലാഹുവിനോടും അവന്റെ ദൂതനോടും നാം അനുസരണം പുലർത്തിയില്ലായിരുന്നവെങ്കിൽ, നാം ഒരു കാര്യത്തിലും വിജയിക്കുമായിരുന്നുല്ല. വിശുദ്ധഖുർആനിൽ പലയിടത്തും പറഞ്ഞതുപോലെ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുക എന്നത് നിർബന്ധമായ ബാധ്യതയാണ്. അല്ലാഹുവിനെ അനുസരിക്കുക, പ്രവാചകനെ അനുസരിക്കുക. എന്നെ അനുസരിക്കുക എന്റെ പ്രവാചകനെ അനുസരിക്കുക അല്ലാഹു (ത) പറയുന്നു എപ്പോഴെക്കെ ഞാനൊരു സന്ദേശം നല്കുന്നുവോ, ഒരു നിർദ്ദേശം നല്കുന്നുവോ ഒരു വെളിപാട് നല്കുന്നുവോ നിങ്ങൾ അത് അനുസരിക്കേണ്ടതാണ്. അപ്പോൾ നാം നിങ്ങളുടെ അനുസരണത്തിന്റെ ഫലമായി നിങ്ങൾക്ക് വിജയം പ്രദാനം ചെയ്യുന്നതാണ്. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാം സത്യത്തിൽ സന്തുഷ്ടരാണ്. തീർച്ചയായും എല്ലാ വെള്ളിയാഴ്ചയും പെരുന്നാൾ ദിനം തന്നെയാണ്. ഈദുൽജുംഅ ഇന്ന് തീർച്ചായും ഒരു ഈദാകുന്നു. നമുക്കൊരു വലിയ അനുഗ്രഹദിനം തന്നെയാണ് ! നമ്മുടെ രക്ഷിതാവിനോട് നാം കാണിച്ച അനുസരണത്തിന്റെ ഫലമായി നമ്മുടെ സാമ്പത്തിക മേഖല സീറോ

ആയിരുന്നു എന്ന് പറയേണ്ടിയിരിക്കുന്നു, കാര്യം ഇങ്ങനെ ആയിരുന്നുവെങ്കിലും നാം അല്ലാഹുവിനെ അനുസരിച്ചു നാം വളരെയധികം അദ്ധ്വാനിച്ചു. ഈ അദ്ധ്വാനത്തിൽ അല്ലാഹു (ത) അവന്റെ അനുഗ്രഹം ചൊരിഞ്ഞു. നാം ദിവസം എണ്ണിനോക്കുകയാണെങ്കിൽ അല്ലാഹു (ത) അവന്റെ സഹായവും പ്രതിഫലവും നല്കുന്നതിൽ ഒരു കാലതാമസവും വരുത്തിയിട്ടില്ല എന്ന് മനസ്സിലാകും. പ്രയാസ സാഹചര്യങ്ങളിൽ, സാമ്പത്തിക പിന്നോക്കവസ്ഥയിൽ അവന്റെ ജോലികൾ ചെയ്യുവാൻ തയ്യാറായി നാം അവനെ അനുസരിച്ചു അവൻ പറഞ്ഞു. വിഷമിക്കേണ്ട. ഞാനിത് രണ്ട് മടങ്ങോ മൂന്ന് മടങ്ങോ ആക്കി മാറ്റാം. അല്ല ഞാൻ അതിനേക്കാൾ കൂടുതൽ നല്കാം ഇൻശാ അല്ലാഹ് ! ദൈവീക വെളിപാടുകൾ ലഭിച്ച പത്ത് വർഷകാലയളവിൽ, ജമാഅത്തസ്സഹീഹിൽ ഇസ്ലാം വളരെയധികം പുരോഗതി പ്രാപിക്കുകയുണ്ടായി. ലോകത്തിന്റെ മിക്ക ഭാഗത്തും ഈ സന്ദേശം എത്തിക്കുവാൻ കഴിഞ്ഞു.

എന്നാൽ, അല്ലാഹു (ത) മനസ്സിലാക്കിതരുന്നതുപോലെ, ഈ വിജയം എനിക്ക് തന്നെ കൊണ്ടുവരുവാൻ കഴിയുന്നതല്ല എന്ന് ഞാൻ നിങ്ങളോട് പറയേണ്ടതായ ആവശ്യമുണ്ട്. അല്ലാഹു (ത) നമ്മോട് വാഗ്ദാനം ചെയ്തുട്ടുണ്ട്. ഇനി നമ്മൾ കയ്യും കെട്ടി ഇരുന്നാൽ മതി ! നാം ഒരു പ്രയത്നവും ഈ കാര്യത്തിൽ ചെയ്യേണ്ടിതില്ല. എന്ന് നാം നിർബന്ധമായും പറയുവാൻ പാടില്ല. ഈ വിജയം നേടുന്നതിന് വളരെയധികം ത്യാഗങ്ങളും പ്രയത്നങ്ങളും നാം ചെയ്യേണ്ടതുണ്ട്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനു വേണ്ടി എത്രയെത്ര രാജ്യങ്ങളാണ് അല്ലാഹുവിന്റെ തെരഞ്ഞെടുക്കപ്പെട്ട ദാസനെ അന്വേഷിച്ചു കൊണ്ടിരിക്കുന്നത്? ചിലരന്വേഷിക്കുന്നത് അല്ലാഹുവിന്റെ ദാസനെ, മറ്റുചിലർ അന്വേഷിക്കുന്നത് ഇമാംമഹ്ദി എവിടെ ? മറ്റുചിലരാകട്ടെ

ദുൽഖർനൈൻ എവിടെ ? ഓരോരോത്തുരം അന്വേഷിക്കുന്നത് തിരഞ്ഞെടുക്കപ്പെട്ട ദൈവ ദാസൻ, അല്ലാഹുവിന്റെ സന്ദേശവാഹകൻ, എവിടെ എന്നാണ്? ഓരോരോരുത്തരും അവരുടേതായ നിലയിലാണ് അന്വേഷണം തുടരുന്നത് അല്ലാഹു തെരഞ്ഞെടുത്തയ്ക്കുന്ന ആളിനായി നല്കപ്പെട്ടിരിക്കുന്ന സ്ഥാനപ്പേരിലാണ് അവരുടെ അന്വേഷണം തുടരുന്നത്.

ഇന്ന് ജനങ്ങൾ ഇത് കേൾക്കുമ്പോൾ, വായിക്കുമ്പോൾ അവർക്കിത് പരിഹസിച്ചു തള്ളാം. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ കാലത്തെക്കുറിച്ച് നമുക്കൊന്ന് അനുസ്മരിക്കാം. ഇസ്ലാമിലെ ഒരു യുദ്ധത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പ് വേളയിൽ അദ്ദേഹം തന്റെ വയറിൽ രണ്ടു കല്ലുകൾ വെച്ചു കെട്ടുകയുണ്ടായി. ആഹാരമില്ലാതെ വിഷമിക്കുന്ന സമയമായിരുന്നു. എന്നിട്ടും അദ്ദേഹം പാറപൊട്ടിക്കുന്നതിനുള്ള കൂടം എടുത്തു പാറപൊട്ടിക്കുവാൻ ശ്രമിക്കുകയായിരുന്നു. അപ്പോൾ അല്ലാഹു (ത) അദ്ദേഹത്തിന് കാണിച്ചു കൊടുക്കുകയായിരുന്നു. യമന്റെ താക്കോലുകൾ അദ്ദേഹത്തിന് നല്കപെടുന്നതാണെന്ന് ! അതുപോലെ മറ്റു ചില രാജ്യങ്ങളുടെ താക്കോലുകളും അദ്ദേഹത്തിന് നല്കുന്നതായി കാണുകയുണ്ടായി ആ സമയം ഒന്നുകിൽ അദ്ദേഹം ഒരു സത്യവാനായ ദൈവനിയോഗിതനായിരുന്നു. അല്ലെങ്കിൽ (അല്ലാഹു കാക്കട്ടെ) അദ്ദേഹം ഒരു ഭ്രാന്തനായിരുന്നു. കഴിക്കുവാൻ ആഹാരമില്ലാത്ത അവസ്ഥയിൽ വയറിൽ കല്ലുകൾ വച്ചു കെട്ടികൊണ്ട് അദ്ദേഹം ഇത്തരം പ്രവചനങ്ങൾ നടത്തുകയായിരുന്നു. ഇതുകേട്ട അവിശ്വാസികൾ അദ്ദേഹത്തെ പരിഹസിക്കുകയായിരുന്നു. അദ്ദേഹം എത്രത്തോളം ഉറപ്പോടെയാണ് അത് പ്രഖ്യാപിച്ചത്. അദ്ദേഹം ഈ ലോകം വിടുന്നതിനു മുൻപ്, അദ്ദേഹം ചെയ്ത പ്രവചനങ്ങൾ അല്ലാഹു (ത) യഥാർത്ഥ്യമാക്കുകയുണ്ടായി. അതിൽ ചിലത് അദ്ദേഹത്തിന്റെ വഫാത്തിനു ശേഷം സത്ചരിതരായ ഖലീഫമാരുടെ കാലത്ത് പൂർത്തിയാവുകയുണ്ടായി. ഇതെല്ലാം

എങ്ങനെയാണ് സാദ്ധ്യമായത്. അദ്ദേഹത്തോടൊപ്പമുള്ളവർ അദ്ദേഹത്തിന്റെ അനുചരന്മാർ അവരുടെ സൃഷ്ടാവിനോടും ദൈവദൂതനോടും കാണിച്ച സമ്പൂർണ്ണമായ അനുസരണത്തിന്റെ പ്രതിഫലമായിരുന്നു. തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാതെ, തെറ്റു പ്രവർത്തിച്ചവർക്ക് എന്തു സംഭവിച്ച എന്നും നിങ്ങൾ കണ്ടു. അവർ ആരായിതീർന്നു എന്നും അവരുടെ അനന്തരഫലം എന്തായിരുന്നു എന്നും നിങ്ങൾ കണ്ടു കഴിഞ്ഞു. നമുക്ക് ഈ കാര്യത്തിൽ ഉഹ്ദ്‌യുദ്ധത്തിന്റെ ഉദാഹരണം നമ്മുടെ മുൻപാകെയുണ്ട്. ഹസ്രത് മുഹമ്മദ് (സ) ഉദാഹണം നമ്മുടെ മുൻപാകെയുണ്ട് ഹസ്രത് മുഹമ്മദ്(സ) 3 വ്യക്തികളെ ഒരു പ്രത്യേക സ്ഥലത്ത് നിർത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞതിനുശേഷമല്ലാതെ അവിടെ വിട്ടു പോകരുതെന്ന് അവർക്ക് നിർദ്ദേശം നല്കുകയും ചെയ്തു. പ്രവാചകൻ (സ) പറയുന്നതുവരെ അവിടെ നിന്ന് മാറുവാൻ അവർക്ക് അനുവാദമില്ലായിരുന്നു. എന്നാൽ ഒടുവിൽ അവരുടെ തന്നെ തീരുമാന പ്രകാരം അവരിൽ പ്രകടമായ ഒരു ചിന്തയുടെ അടിസ്ഥാനത്തിൽ വിജയം നേടികഴിഞ്ഞിരിക്കുന്നു എന്നവർ വിചാരിച്ചു, അങ്ങനെ പ്രവാചകൻ (സ) യുടെ അനുവാദമില്ലാതെ അവർ അവിടം വിട്ട് പോയി. അതേ തുടർന്ന് ശത്രുക്കൾക്ക് പിന്നിലൂടെ കടന്നു വന്നു ആക്രമിക്കുവാനുള്ള അവസരം ലഭിക്കുകയുണ്ടായി.

അപ്പോൾ നിങ്ങൾ മനസ്സിലാക്കുക. ഒരു ദൂതൻ നിങ്ങൾക്ക് ഒരു നിർദ്ദേശം നല്കിയാൽ, ഒരു ഉപദേശം നല്കിയാൽ, അതിൽ വളരെയധികം അനുഗ്രഹങ്ങൾ കുടികൊള്ളുന്നു എന്നറിയുക. ഇത്തരം നിർദ്ദേശങ്ങൾ, സന്ദേശങ്ങൾ തീർച്ചയായും അല്ലാഹുവിൽ നിന്നും വരുന്നതാണെന്ന് അറിയണം.

ഞാൻ എന്റെ രക്ഷിതാവിനെ ദർശിച്ചത്, (കരുണാമയനായ) എന്റെ രക്ഷിതാവിന്റെ കണ്ണിലൂടെയാണ്.

അല്ലാഹുവിന്റെ ദൂതന്റെ ശബ്ദം / വഴി തീർച്ചയായും അല്ലാഹുവിന്റെ ശബ്ദം / വഴി ആകുന്നു. അവൻ അവന്റെ രക്ഷിതാവിനെ കാണുന്നത് അവന്റെ കണ്ണിലൂടെയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ എന്റെ രക്ഷിതാവിനെ ദർശിച്ചത് (കരുണാമയനായ) എന്റെ രക്ഷിതാവിന്റെ കണ്ണിലൂടെയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അല്ലാഹു (ത) നമുക്ക് മാർഗ്ഗദർശനം നല്കുന്നു. അവൻ നമുക്ക് സന്ദേശങ്ങൾ നല്കുന്നു. അവൻ നമുക്ക് നിർദ്ദേശങ്ങൾ നല്കുന്നു. നാം പ്രസ്തുത നിർദ്ദേശങ്ങൾ അനുസരിക്കുന്നു. മറ്റുള്ളവർ ചെയ്യുന്നതുപോലെ ചെയ്യുവാൻ ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല. ദൈവീക ദൃഷ്ടാന്തത്തിന്റെ പ്രാരംഭത്തിൽ ഉണ്ടായതുപോലെ, ഞാൻ അപ്പോൾ വിഷയത്തിന്റെ ഗഹനതയിലേക്ക് വന്നിട്ടാല്ലായിരുന്നു. അപ്പോഴാണ് തങ്ങളുടെ താനെന്ന ഭാവം വെളിപ്പെടുന്നത്, അപ്പോൾ അവർ അനേകം ചോദ്യങ്ങൾ ചോദിക്കുവാൻ തുടങ്ങി. അങ്ങനെ അവരുടെ താനെന്ന ഭാവം, എന്നെ അംഗീകരിക്കുവാൻ കഴിയാത്ത നിലയിൽ പ്രകടമായി. അങ്ങനെ വെളിപാടുകളിൽ സംശയാലുക്കളായി. അങ്ങനെ അവർ പല വിഷയങ്ങളിലും വാദമുഖങ്ങൾ ഉന്നയിക്കുവാൻ തുടങ്ങി. അപ്പോൾ അല്ലാഹു അവരെ അവന്റെ ദൂതനിൽ നിന്നും അകറ്റി. അല്ലാഹു (ത) പറയുന്നു. ഞാൻ വേർപ്പെടുത്തിയാൽ, മനുഷ്യന് അവരെ വീണ്ടും ഒന്നാക്കുവാൻ കഴിയുകയില്ല. ഇത് അസാധാരണമായ ഒരു പ്രസ്താവനയാണ്. അല്ലാഹു (ത) വീണ്ടും പറയുന്നു. ജമാഅത്ത് അഹ്മദിയ്യായുടെ അവസ്ഥ നോക്കു ! ഏത് അവസ്ഥയിലാണ് ഇപ്പോൾ അത് ചെന്നെത്തിയിരിക്കുന്നുത്.

ഈ നൂറ്റാണ്ടിന്റെ പ്രാരംഭം മുതൽ തന്നെ, ഈ നൂറ്റാണ്ടിന്റെ ആദ്യ മാസത്തിലെ ആദ്യ ദിനം മുതൽ അവൻ അല്ലാഹു നല്ലതിനെ ചീത്തയിൽ നിന്നും വേർതിരിക്കുവാൻ തുടങ്ങി. എന്നിട്ട് അവൻ അവന്റെ ദൂതനെ അതിൽ നിന്നും മാറ്റി. ഭാവിയിൽ നമുക്ക് എന്താണ് വരാൻ പോകുന്നതെന്ന് ആ സമയത്ത് നമുക്കറിയില്ല. ഇത് സംഭവിച്ചിട്ട് 16 വർഷങ്ങൾ കഴി

ഞ്ഞിരിക്കുന്നു. നിങ്ങൾ വേറൊരു ജമാഅത്ത് രൂപികരിക്കുക എന്ന് നമ്മെ അറിയിച്ചിപ്പോൾ നാം ഭയപ്പെട്ടു പോയി. കാരണം ഇത് അല്ലാഹു ഉദ്ദേശി ച്ചിട്ടുണ്ടോ ? അല്ലാഹുവിന്റെ കോടതിയിൽ, ആരെ അവന്റെ ജോലിക്ക് തെരഞ്ഞെടുക്കണം എന്ന കാര്യത്തിൽ സേവകന്മാരുടെ കാര്യത്തിൽ ഒരു ദുർലഭതയുമില്ല. നമുക്ക് ഇക്കാര്യത്തിൽ മാതൃകയുണ്ട്. കഴിഞ്ഞകാല ത്തിലും അതുപോലെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ കാലത്തും ജനങ്ങൾ എപ്പോഴൊക്കെ പ്രവാചനുമായി അടുപ്പം സ്ഥാപി ക്കുന്നുവോ, അപ്പോൾ അവർക്ക് അല്ലാഹുവിന്റെ സന്ദേശത്തിൽ സംശ യവും തുടങ്ങും. അവർ വാദിക്കുവാൻ തുടങ്ങും. ചർച്ചചെയ്യുവാൻ തുട ങ്ങും, വെളിപാടുകളെ കുറിച്ച് അഭിപ്രായങ്ങൾ പറയുവാൻ തുടങ്ങും, ചുരു ക്കത്തിൽ ഇത് അവരുടെ സംഭാഷണത്തിലെ പ്രധാന വിഷയമാകും, അവർ ഒടുവിൽ ഇതിലെ ഏറ്റവും മോശമായ നിലയിലേക്ക് തിരിയും. അപ്പോൾ അല്ലാഹു അവരെ ഇതിൽ നിന്നും വിഛേദിക്കും, അവരെ വേറെ മാറ്റി നിർത്തും. അവന്റെ കരങ്ങൾ കൊണ്ടു തന്നെ അല്ലാഹു(ത) അവരെ ദൂരെ യാക്കും, അതിൽ നിന്നും ആരെ എങ്കിലും മടക്കികൊണ്ടു വരുവാൻ അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ നമ്മോടൊപ്പം അവന്റെ ദൂതനോടൊപ്പം അപ്പോൾ, അത് അല്ലാഹു(ത) യ്ക്ക് മാത്രം ചെയ്യാൻ കഴിയുന്ന ഒരു കാര്യ മാണ്. അല്ലാഹു(ത) യ്ക്കല്ലാതെ മറ്റൊരാൾക്കും അത് ചെയ്യുവാൻ കഴി യില്ല ! ഭൂമിയിലെ അവസാന ശ്വാസം വരെയും അവരുടെ മടങ്ങി വര വിന്റെ വഴിയിൽ അല്ലാഹു തടയിട്ടാൽ, കാരണം അവരുടെ ഗൗരവാവഹ മായ പ്രവർത്തനത്താലാണ് അത് സംഭവിക്കുക, അവർക്ക് മടങ്ങി വരു വാൻ സാധിക്കുകയില്ല. കഴിഞ്ഞ കാല പ്രവാചകന്മാരുടെ കാലത്ത് സംഭ വിച്ചതുപോലെ !

ആയതിനാൽ, നാം ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങൾ നാം ഇതൊരു ഗുണപാഠമായി മനസ്സിലാക്കേണ്ടതുണ്ട്. അല്ലാഹു (ത) നമു

ക്കൊരു സന്ദേശം / സന്ദേശങ്ങൾ, വെളിപാടുകൾ, മാർഗ്ഗദർശനം, നല്കുമ്പോൾ നാം അതുമായി മുന്നോട്ടു പോകേണ്ടതാണ്, (അത് പ്രവർത്തിപഥത്തിൽ എത്തിക്കുക, അനുസരിക്കുക) ഈ ലോകത്തിലെ നമ്മുടെ താത്ക്കാലിക ജീവിതത്തിൽ നാം എന്തുമായി ബന്ധപ്പെട്ടു നില്ക്കുകയാണെങ്കിലും അതൊക്കെ ഒരു ഭാഗത്തേക്ക് മാറ്റി നിർത്തി,നാം ത്യാഗം ചെയ്യുക, നമ്മുടെ കഴിവുകൾ, സാധ്യതകൾ വളരെ പരിമിതമാണെങ്കിലും അല്ലാഹു(ത) അക്കാര്യത്തിൽ ഒരു സഹായകനിലപാട് സ്വീകരിക്കും. നിങ്ങൾ അത്ഭുതപ്പെടുന്ന നിലയിൽ അതിന്റെ പ്രതിഫലം നിങ്ങൾ കാണും. കുറച്ച് അധ്വാനവും കുറച്ച് ധനവും പ്രസ്തുത ജോലിക്ക് / പദ്ധതിക്ക് / നിർദ്ദേശങ്ങൾക്ക് നല്കുമ്പോൾ അല്ലാഹു(ത) ജമാഅത്തിന്റെ ഖജനാവ് നിറയ്ക്കുവാനുള്ള വഴി തുറക്കുന്നു. എല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താലാണ് ! അല്ലാഹു (ത) അത് അങ്ങനെ തുടരുവാൻ പറയുന്നു. നിങ്ങൾ എന്നെ (അല്ലാഹുവിനെ) അനുസരിക്കുകയാണെങ്കിൽ, ഈ നൂറ്റാണ്ടിലേക്ക് ഞാൻ തെരഞ്ഞെടുത്ത എന്റെ ദാസനെ അനുസരിക്കുകയാണെങ്കിൽ, നിങ്ങൾ അല്ലാഹുവിനെ അനുസരിച്ചതു പോലെയാണ്, നിങ്ങൾ മഹാനായ പ്രവാചകൻ മുഹമ്മദ് (സ) നെ അനുസരിച്ചതുപോലെയാണ്. കാരണം നബീകരിം(സ) ന്റെ കാലത്തേതുപോലെ ഇസ്ലാമിനെ ഈ നൂറ്റാണ്ടിലും നവീകരിക്കുകയാണ് ചെയ്യുന്നത്. ഈ നൂറ്റാണ്ടിൽ അല്ലാഹു (ത) നിയോഗിച്ച നിയോഗിതൻ ആഗതാനായത് ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളെ നവീകരിക്കുവാനാണ്. മഹാനായ പ്രവാചകൻ മുഹമ്മദ് (സ) യുടെ അധ്യാപനങ്ങൾ നവീകരിക്കുവാൻ ആണ്. മഹാനായ പ്രവാചകൻ മുഹമ്മദ് (സ) യുടെ അധ്യാപനങ്ങൾ നവീകരിക്കുവാൻ വന്നിരിക്കുന്ന ഒരു ചെറിയ മുഹമ്മദിനെ പോലെയാണ് ഞാൻ എന്ന് നിങ്ങൾ മനസ്സിലാക്കണം.

അതുകൊണ്ട് അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നതിലൂടെ നിങ്ങൾക്ക് ഒന്നും നഷ്ടമാകില്ല എന്ന് കരുതണം.

നിങ്ങൾക്കു ലഭിക്കുന്ന നല്ല കാര്യങ്ങളിൽ, നല്ല വാക്കുകളിൽ, നല്ല നിർദ്ദേശങ്ങളിൽ ഒരു തർക്കവും ഉന്നയിക്കാതിരുക്കുക. ഒരു വലിയ വാദമായി ഇതിനെ മാറ്റാതിരിക്കുക, ചർച്ചയ്ക്കുള്ള ഒരു വിഷയമായിത്തീർക്കാതിരിക്കുക. നിങ്ങളുടെ ഞാനെന്ന ഭാവം പ്രകടിപ്പിക്കാതിരിക്കുക. ഒരിക്കൽ നമ്മളോടൊപ്പം ഉണ്ടായിരുന്നവരുടെ ഉദാഹരണം നോക്കുക. അവർ ഇന്ന് എവിടെയാണ്? അവർക്കെന്താണ് സംഭവിക്കുന്നതെന്നു നോക്കുക. അവർ പെരുമാറിയതു പോലെ പെരുമാറാതിരിക്കുക, അവർക്കു കിട്ടിയ അതേ വിധി നിങ്ങൾക്കും കിട്ടാതിരിക്കട്ടെ, കാരണം നിങ്ങൾ ചെയ്യുന്ന ഏതു പ്രവർത്തിയാണ് അല്ലെങ്കിൽ നിങ്ങൾ പറയുന്ന ഏതു വാക്കാണ്, ഒരു പഴമൊഴിയിൽ പറഞ്ഞതുപോലെയാകുന്നതെന്ന് നിങ്ങൾക്കറിയില്ല, നാവ് എല്ലില്ലാത്തതാണ് ഗൗരവതരമായ, കഠിനതരമായ ഏതു കാര്യവും നിങ്ങൾക്കു പറയാം എന്നാൽ ഒരിക്കൽ ഖേദിക്കേണ്ടി വരും.

ആയതിനാൽ, നമുക്ക് കഴിയുന്നിടത്തോളം, നാം അനുസരണയുള്ളവരായിരിക്കണം, നാമതിന് ലബ്ബൈക്ക് പറയണം, എല്ലാ നല്ല കാര്യവും ചെയ്യുവാൻ ഞാനിതാ  സദാ തയ്യാറായിരിക്കുന്നു എന്ന് പറയണം. ഇതിനാണ് അല്ലാഹുവിനെ അനുസരിക്കുക, അല്ലാഹുവിന്റെ ദൂതനെ അനുസരിക്കുക എന്ന് പറയുന്നത്. ഇതിലാണ് നിങ്ങളുടെ ഉയർച്ച കുടികൊള്ളുന്നത്. നിങ്ങൾക്ക് പ്രതിഫലങ്ങൾ ലഭിക്കുന്നതാണ്. അത് ഈ ലോകത്തിലുമാകാം, പരലോകത്തിലുമാകാം. അല്ലാഹു നിങ്ങളിൽ സംപ്രീതനാകുന്നതാണ്. അല്ലാഹു നിങ്ങളോടു കൂടി ഉണ്ടായിരിക്കും. അല്ലാഹുവിനോടും അവന്റെ ദൂതനോടും നിങ്ങൾ കാണിക്കുന്ന അനുസരണത്തോടൊപ്പം ഒരു പാട് കാര്യങ്ങൾ ബന്ധിതമാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ പേരിൽ നാം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്ന ഈദുൽജുംആ അതിന്റെ ഫലമാണ്. അതോടൊപ്പം അതൊരു മഹത്തായ ഈദുമാണ്, ഒരു വശത്ത് നമ്മുടെ സഹോദരീ സഹോദരന്മാർ, വിമാനത്തിൽ യാത്ര ആരംഭിച്ചിരി

ക്കുന്നു ; അവർ വളരെ വലിയ ത്യാഗങ്ങൾ വരിക്കുകയാണ്. മറ്റൊരു തരത്തിൽ ഹജ്ജിനു വേണ്ടിയുള്ള ഈ ദീർഘ ദൂര യാത്ര അല്ലാഹു(ത) ഇത് അനുഗ്രീഹിത നിമിഷങ്ങളാക്കിയിരിക്കുന്നു. അവന്റെ മാർഗ്ഗത്തിൽ ത്യാഗങ്ങളനുഷ്ഠിക്കുവാനുള്ള ഇസ്ലാമിന്റെ അഞ്ചാമത്തെ സ്തംഭത്തിന്റെ പൂർത്തീകരണത്തിനായുള്ള ശ്രമം. അവന്റെ തെരഞ്ഞെടുക്കപ്പെട്ട ദാസന്മാർക്ക് പ്രതിഫലം നല്കുന്നതിനുള്ള അനുഗ്രഹീത നിമിഷങ്ങളായി തെരഞ്ഞെടുത്തിരിക്കുന്നു, കാരണം അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വളരെ വലിയ ത്യാഗങ്ങളാണ് ചെയ്തിരിക്കുന്നത്. അവർ അല്ലാഹുവിന്റെ വിളിക്ക് ഉത്തരം ചെയ്യുകയാണ് ചെയ്യുന്നത്. ഞാൻ പറഞ്ഞതുപോലെ, അനുസരിക്കുവാൻ നിങ്ങൾ ആജ്ഞാപിക്കപ്പെടുമ്പോൾ, അനുസരിക്കുക ഇതാണ് നല്ല കാര്യങ്ങൾ. അതിൽ സാത്താനിക സ്വാധീനം ഒന്നും പ്രകടമാകുന്നതല്ല. അല്ലാഹുവിൽ നിന്ന് എന്തെങ്കിലും വരികയാണെങ്കിൽ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്രവർത്തിക്കുവാനായി, നിങ്ങൾ അല്ലാഹുവിലേക്ക് തിരിയേണ്ടതാണ്. നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക, നിങ്ങൾ അൽഹംദുലില്ലാഹ് പറയുക. സുമ്മ അൽഹംദുലില്ലാഹ് എന്നു പറയുക. നമ്മുടെ സൃഷ്ടാവിനോട് നാം യഥാർത്ഥത്തിൽ കൃതജ്ഞത കാണിക്കേണ്ടവരാകുന്നു, നാം എപ്പോഴും അല്ലാഹുവിന് ലബ്ബയ്ക്ക് പറയുവാൻ സദാ റഡിയായിരിക്കണം. ഇനി ലബ്ബയ്ക്ക് പറയാത്തവർ, അനുസരിക്കാത്തവർ അപ്പോൾ ആ കാര്യം നമ്മുടെ നിയന്ത്രണത്തിന് പുറത്തുള്ള കാര്യമാണ്. (നമുക്ക് ആരെയും നിർബന്ധിക്കുവാൻ അധികാരമില്ല.) ഇത്തരം വ്യക്തിയെ, അഥവാ വ്യക്തികളെ അവനെ/അവരെ അല്ലാഹു തന്നെയാണ് കൈകാര്യം ചെയ്യുന്നത്. നമ്മോടൊപ്പം മുൻപു ഉണ്ടായിരുന്നവരെ അല്ലാഹു കൈകാര്യം ചെയ്തതു പോലെ അല്ലാഹു അവർക്ക് വളരെയധികം മഹത്തായ അടയാളങ്ങൾ നല്കിയതാണ്. തെളിവുകൾ നല്കിയതാണ് ; എന്നാൽ ഒടുവിൽ അവർ സ്വയം തന്നെ അതിനെതിരിയായി നിന്നു.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങളെ മൗറിഷ്യസ് മാത്രമല്ല, പ്രത്യേക രാജ്യങ്ങളിലും മാത്രമല്ല, ലോകം മുഴുവൻ എവിടെ എല്ലാം

നമ്മുടെ അംഗങ്ങളുണ്ടോ അവരോടൊല്ലാമായി ഞാൻ ഉപദേശിക്കുകയാണ്. നമുക്ക് വളരെ വിനയാന്വിതമായ ഒരു ജീവിതം ജീവിക്കാം ; നമുക്ക് അനുസരണയുള്ളവരായി ജീവിക്കാം. (അല്ലാഹുവിനോടും അവന്റെ ദൂതനോടും നിങ്ങളുടെ അനുസരണം പുലർത്തുക) നമുക്ക് നമ്മുടെ ഞാനെന്ന ഭാവം പ്രകടിപ്പിക്കാതിരിക്കാം. തന്നിഷ്ടക്കാരനും അഹംഭാവിയുമാകാതിരിക്കാൻ ശ്രമിക്കാം. ഇത് പ്രകടിപ്പിക്കുകയാണെങ്കിൽ, ഇത് നമ്മുടെ ഈമാൻ നഷ്ടപപ്പെടുത്തിക്കളയും. ഇത് വളരെ ഗുരുതരമായ ഒരു രോഗമാണ്. ഇത് മരുന്നില്ലാത്ത രോഗമാണ്. ഇതിലൂടെ നമ്മുടെ ഈമാൻ സമ്പൂർണ്ണമായും അപ്രത്യക്ഷമാകും. വിധി നാളിൽ, നിങ്ങളുടെ സൃഷ്ടാവിന്റെ മുമ്പിൽ, അല്ലാഹുവിന്റെ മുമ്പിൽ നിങ്ങൾ എന്ത് കണക്കായിരിക്കും ബോധിപ്പിക്കുക ?

വിനയത്തിന്റെയും അനുസരണത്തിന്റെയും വഴിയിൽ നിങ്ങളുടെ ത്യാഗങ്ങൾ അർപ്പിക്കുക. നമുക്ക് അല്ലാഹു പഠിപ്പിച്ചു തന്ന നിലയിൽ നാം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജോലി ചെയ്യുക. ഇൻശാ അല്ലാഹ് പത്ത് വർഷങ്ങൾക്കകം ജമാഅത്തുസ്സഹീഹിൽ ഇസ്ലാം എവിടെ എത്തിച്ചേരുമെന്ന് നിങ്ങൾ കാണും. നിങ്ങൾ ഇതിന് സാക്ഷികളായിരിക്കും. എന്നാൽ അതിനായി, നമ്മുടെ അംഗങ്ങൾ അവരുടെ പ്രവർത്തനങ്ങൾ സമർപ്പിക്കേണ്ടി വരും. അത്തരം പുരോഗതി നേടുവാൻ നമ്മുടെ അംഗങ്ങളുടെ തെറ്റായ രീതികളും സമീപനങ്ങളും അവർ മാറ്റാത്തടത്തോളം കാലം സാധ്യമാവുകയില്ല. (അതായ് പ്രഥാമികമായി അവരുടെ ആന്തരിക സംസ്ക്കരണവും തുടർന്ന് ബാഹ്യസംസ്ക്കരണവും നടത്താതെ. നമുക്കെല്ലാപേർക്കും ദൗർബല്യങ്ങളുണ്ട്. നമുക്കെല്ലാവർക്കും കുറ്റങ്ങളും ന്യൂനതകളുമുണ്ട്. ആയതിനാൽ നാം അല്ലാഹുവിനോട് പ്രാർത്ഥിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ എല്ലാവിധ ദൗർബല്യങ്ങളും ന്യൂനതകളും മോശം രീതികളും നമ്മിൽ നിന്നും അകറ്റുന്നതിനായി അല്ലാഹുവേ ! ഞങ്ങൾക്കു നല്ല

പെരുമാറ്റം നല്കേണമെ ! ഞങ്ങൾക്കു ധൈര്യം നല്കേണമെ ! ഞങ്ങൾക്കു നല്ല പെരുമാറ്റം നല്കേണമെ ! നിന്റെ ദീൻ ജോലികൾ ചെയ്യുവാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ നീ സ്നേഹം നിറച്ചു തരേണമെ! ഞങ്ങൾ ജീവിക്കുന്നിടത്തോളം കാലം, ഞങ്ങൾക്ക് ധൈര്യവും ആരോഗ്യവും നല്കേണമെ ! ഞങ്ങളുടെ പ്രയത്നങ്ങൾ കൂടുതൽ ചെയ്യുവാനുള്ള കൂടുതൽ കഴിവ് ഞങ്ങൾക്ക് പ്രദാനം ചെയ്യേണ്ണമെ. (തന്റെ അനുയായികൾക്കായി അദ്ദേഹം ദുആ ചെയ്യുകയും ഈദുആ നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു.) ഖലീഫത്തുല്ലാഹ് പറഞ്ഞു. എന്തുകൊണ്ടന്നാൽ ഞങ്ങൾ (ഞങ്ങളെ നീ ആക്കിത്തീർത്തു) അല്ലാഹുവിന്റെ ദൂതനോടൊപ്പമുള്ള പ്രഥമരായി തീർന്നിരിക്കുന്നു. ഞങ്ങൾ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുന്നു. അതുകൊണ്ടു തന്നെ ജമാഅത്തുസ്സഹീഹിൽ ഇസ്ലമിന്റെ ചരിത്രത്തിൽ ഞങ്ങളുടെ പേരുകൾ മുദ്രണം ചെയ്യപ്പെടേണ്ടതായിട്ടുണ്ട്. വരും തലമുറകൾ ഞങ്ങളെപ്പറ്റി ഒരു ദിവസം സംസാരിക്കും ഞങ്ങളാണ് ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്യോടൊപ്പം പ്രവർത്തിച്ച സഹാബാക്കളെന്ന് ! ആമീൻ

അതുകൊണ്ട് നമുക്ക് പറയാം അല്ലാഹു അക്ബർ ! യാ അല്ലാഹ് ! നീ ഏറ്റവും വലിയവൻ തന്നെ ! ആരാധനയ്ക്കർഹൻ നീയല്ലാതെ മറ്റാരുമില്ല; നിനക്ക് മാത്രമാണ് സർവ്വസ്തുതിയും ! നീ ഉദ്ദേശിക്കുന്നവരെ നീ ഉയർത്തുന്നു. ! നീ ഉദ്ദേശിക്കുന്നവരെ നീ സ്നേഹിക്കുന്നു. ഇന്ന്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, നിന്റെ കാരുണ്യത്താൽ, നീ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനോടൊപ്പമാണെന്ന് നീ കാണിച്ചിരിക്കുകയാണ്. ഞങ്ങൾ ചെയ്ത ഞങ്ങളുടെ നിസ്സാര പ്രവർത്തനങ്ങളെയാണ് നീ നോക്കിയിരിക്കുന്നത്; ഞങ്ങളുടെ കഴിവുകൾ നിനക്കറിയാവുന്നതാണ്. ഞങ്ങളുടെ ചെറിയ കഴിവുകൾ നിന്റെ ദർശനത്തിലാണ്; ഇതൊരു പരീക്ഷണമായിരുന്നു. ഞങ്ങൾ നിന്നിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസം നീ നോക്കി കാണുന്നു. അതിൽ ആത്മാർത്ഥത സ്ഫുരിക്കുന്നു എന്ന് നീ കണ്ടിരിക്കുന്നു. ഇന്ന് നീ ഞങ്ങൾക്കതിന് വലിയ പ്രതിഫലങ്ങൾ നല്കിയിരിക്കുന്നു.

1. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ
2. നിന്റെ നാഥൻ ആ ആനയുടെ ആളുകളുമായി (ഉടമസ്ഥരുമായി) എങ്ങനെ പെരുമാറിയെന്ന് നീ കണ്ടില്ലേ ?
3. അവരുടെ കുതന്ത്രത്തെ അവൻ പാഴാക്കിയില്ലേ / പരാജയപ്പെടുത്തിയില്ലേ ?
4. അവരുടെ മേൽ കൂട്ടം കൂട്ടമായി പക്ഷികളെ അവൻ അയയ്ക്കുകയും ചെയ്തു
5. അവ ചുട്ടുപഴുത്ത കളിമൺ കല്ലുകൾ കൊണ്ട് അവരെ എറിയുകയായിരുന്നു.
6. അങ്ങനെ അവൻ അവരെ (ധാന്യങ്ങളും) വൈക്കോലും കറ്റയുടെ മൂടും തിന്ന ശേഷമുള്ള ഒഴിഞ്ഞ നിലം പോലെ ആക്കിയില്ലേ ?

(അൽഫീൽ 105 : 1–6)

ഹസ്രത് മുഹമ്മദ് (സ) യുടെ പ്രവാചകത്വത്തിന്റെ ആദ്യ ദിനങ്ങളിൽ മക്കയിൽ വച്ച് അവതരിച്ച് സൂറ : യാണിത്. പരിശുദ്ധ പ്രവാചകൻ (സ) യുടെ ജനനവർഷത്തിൽ സംഭവിച്ച ഒരു സംഭവത്തെകുറിച്ചാണ് പറയുന്നത്. അതായത് ക്രീസ്താബ്ദം 570 നോടനുബന്ധിച്ച് ! ആ സമയത്ത് യമന്റെ ഭരണാധികാരം അബീസീനിയക്കാരായ ക്രീസ്താനികളുടെ കൈയിലായിരുന്നു. അധികാരത്തിലുണ്ടായിരുന്ന ജൂതഭരണകൂടത്തെ അവർ പുറത്താക്കി അധികാരം പിടിച്ചെടുക്കയായിരുന്നു. അബ്റഹ അൽ അഷ്റാം ആയിരുന്നും അപ്പോഴത്തെ അബീസീനിയ ഗവർണ്ണർ അധികാരതൃഷ്ണ അദ്ദേഹത്തെ കൊണ്ട് സ്വയം പറയിപ്പിച്ചു, ഞാനാണ് ഇവിടുത്തെ സ്വയം പ്രഖ്യാപിത രാജാവ് ! വിശ്വാസം ഇല്ലായ്മ ചെയ്യുവാനായി അദ്ദേഹം കഅ്ബയെ ആക്രമിച്ച് നശിപ്പിക്കുവാനായി സൈന്യസമേതം മക്കയിലേക്ക് തിരിച്ചു. അദ്ദേഹത്തിന്റെ സൈന്യത്തിൽ അനേകം ആളുകളുണ്ടായിരുന്നു. എന്നാൽ അല്ലാഹു (ത) അവന്റെ

ദിവ്യദൃഷ്ടാന്തം കാണിക്കുകയുണ്ടായി. ഈ സൈന്യത്തിന്റെ മേൽ അവന്റെ ശാപവും ക്രോധവും ചൊരിഞ്ഞു. കഅ്ബാ സംരക്ഷകർ ഭയവിഹ്വലരായി. കാരണം അബീസിനിയൻ സൈന്യം വളരെ ശക്തമായിരുന്നു. എന്നാൽ അല്ലാഹു (ത) പക്ഷികളിലൂടെ, അവരുടെ മേൽ കല്ലുകൾ വർഷിപ്പിച്ചു പ്രസ്തുത ശക്തമായ സൈന്യത്തെ നശിപ്പിക്കുകയുണ്ടായി. ഈ കല്ലുകൾ അവരുടെ ശരീരങ്ങളിൽ തുളച്ചുകയറി പ്ലേഗ് പോലുള്ള ഒരു പകർച്ചവ്യാധി പടരുകയും മുഴുവൻ സൈന്യവും നശിച്ചൊടുങ്ങുകയും ചെയ്തു.

ഇത് മനുഷ്യന് ഒരു പാഠമാണ്. ഈ താത്ക്കാലിക ലോകത്തിലെ അധികാരം ഒരിക്കലും ആക്രമം ചെയ്യുവാൻ അവനെ പ്രേരിപ്പിക്കരുത്. അതുപോലെ അവൻ എല്ലാത്തിനും കഴിവുള്ളവനാണ് എന്നും ധരിച്ചുപോകരുത്. മറ്റുള്ളവരുടെ മേൽ എന്ത് അധികാരവും ഉപയോഗിക്കാംമെന്നും കരുതരുത്. അവനുദ്ദേശിക്കുന്നത് എന്തും ചെയ്യാം എന്നും ധരിച്ചു പോകരുത്. അവനുദ്ദേശിക്കുന്നത് എന്തും ചെയ്യാം എന്നും ധരിച്ചുപോകരുത്. വിശ്വാസത്തിന് എതിരായി എന്തും ചെയ്യാം എന്നും ധരിക്കരുത്. അല്ലാഹുവിന്റെ ഇച്ഛയ്ക്കെതിരിൽ നില്ക്കാം എന്നും ധരിക്കരുത്. ഇത്തരം ആളുകളെ അല്ലാഹു (ത) ഒരിക്കലും അവന്റെ മഹത്വത്തെ ചോദ്യം ചെയ്തുകൊണ്ടും അവന്റെ ഇച്ഛയ്ക്കെതിരായി പ്രവർത്തിച്ചു കൊണ്ടും ജീവിക്കാൻ വിടില്ല.

കഅ്ബയ്ക്ക് എതിരായി അബ്റഹ നടത്തിയ ആക്രമണം, അല്ലാഹു (ത) താൻ തന്നെ അവനു വേണ്ടി നിർമ്മിച്ച, മാനവ സമുദായത്തിന്റെ പരിശുദ്ധ ഭവനം, അതിലൂടെ മാനവസമൂഹം തങ്ങളുടെ വിശ്വാസത്തെ കണ്ടെത്തുന്നു അല്ലാഹു (ത) തന്നെ, അവരെ പഠിപ്പിച്ച ആചാരാനുഷ്ഠാനങ്ങളിലൂടെ ! ഈ ആക്രമണം അജ്ഞനായ, പ്രസ്തുത മനുഷ്യനെതിരായി തന്നെ തിരിയുകയാണുണ്ടായത്,അതായത് അബ്റഹായ്ക്കും അവന്റെ സൈന്യത്തിനും അവന്റെ പ്രിയപ്പെട്ടതെല്ലാം നഷ്ടപ്പെടുത്തേണ്ടതായും വന്നു. നരാകഗ്നിയിൽ പ്രവേശിക്കേണ്ടതായും വന്നു. അല്ലാഹു (ത) എല്ലാം കാണുന്നവനാണ്, അവൻ എല്ലാം കേൾക്കുന്നവനാണ്, ആവശ്യം വരുമ്പോൾ അവൻ അവന്റെ ശക്തി

പ്രകടമാക്കുന്നവനാണ്. മനുഷ്യൻ ഏറ്റവും കഴിവുറ്റവനാണ്എന്ന് അവൻ വിശ്വസിക്കുമ്പോൾ അവൻ ഭൂമിയിലെ ദൈവമാണ് എന്നു കരുതുമ്പോൾ, ഒരു സൈന്യത്തെ തന്നെ നശിപ്പിക്കുവാൻ കഴിവുറ്റവനാണ്, എന്ന മഹത്തായ പാഠമാണ് ഈ അധ്യായം നമ്മെ പഠിപ്പിക്കുന്നത്, അതുപോലെ ഈ സൂറ : നമ്മെ പഠിപ്പിക്കുന്ന മറ്റൊരു പാഠം മനുഷ്യൻ ദുർബലനാണ്, അവന്റെ തെറ്റു കാരണമായി അല്ലാഹു അവനെ പിടികൂടുമ്പോൾ, അതെ അവൻ, അവനെ വളരെ ശക്തമായി പിടികൂടുന്നതാണ്. അല്ലാഹു (ത) വിശുദ്ധഖുർആനിലൂടെ വളരെ നല്ലനിലയിൽ ഈ പാഠം നമ്മെ ഗ്രഹിപ്പിക്കുന്നുണ്ട്.

നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവരാരോ അവരറിയാത്ത നിലയിൽ നാം അവരെ (നാശത്തിന്റെ) ഭാഗത്തേക്ക് ക്രമേണയായി വലിച്ചുകൊണ്ടു പോകും (7 : 183)

നാം അവർക്ക് സാവകാശം നല്കുന്നു. തീർച്ചയായും എന്റെ ആസുത്രണം സുശക്തമാണ് (68:46)

അല്ലാഹുവിന്റെ തീരുമാനങ്ങൾക്കെതിരായി നീങ്ങുവാൻ ഒരു മനുഷ്യനും സാധ്യമല്ല. അവൻ അവന്റെ അജ്തയിൽ തുടരുകയും, ഈ കാര്യത്തിൽ അല്ലാഹുവിനെ എതിർക്കുകയും ചെയ്താൽ, അവന്റെ അനന്തരഫലം വളരെ ഗൗരവാതരമായിരിക്കും, അത്തരം ആളുകളെ ഭൂമിയിൽ നിന്നും തുടച്ചു നീക്കുന്നതാണ്, അത് ശാരീരികമായിട്ടായിരിക്കാം, ആത്മീയമായിട്ടായിരിക്കാം, ഈ മനുഷ്യനെയും മറ്റു ജനങ്ങളെയും, അവൻ ഈ ലോകത്തു തന്നെ ഒരുക്കിവെച്ചിരിക്കുന്ന നാണംകെട്ട ശിക്ഷ അവർ കാണുക തന്നെ ചെയ്യും. പ്രയാസങ്ങളുടെ സാഹചര്യങ്ങളിൽ അല്ലാഹു (ത) അവന്റെ ദിവ്യദൃഷ്ടാന്തം കാണിക്കുന്നതാണ്. അല്ലാഹു (ത) സ്വാതികരേയും ബുദ്ധിമാന്മാരായ ആളുകളെയും അവന് എല്ലാ കാര്യങ്ങളും ചെയ്യാൻ കഴിയുന്നവനാണ് എന്ന് ബോധ്യപ്പെടുത്തുന്നു. അവനുദ്ദേശിക്കുന്നവരെ അവൻ സംരക്ഷിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ നശിപ്പിക്കുന്നു. ഭൂമിയുടെ സൃഷ്ടിപ്പു മുതൽ അവൻ സ്ഥാപിച്ചിട്ടുള്ള അവന്റെ നിയമങ്ങളെയും അവനെയും എതിർക്കുന്നവരെ, അവൻ പ്രത്യേകമായി നശിപ്പിക്കുന്നു. ഞാൻ നിങ്ങളുടെ മുൻപാകെ പാരായണം ചെയ്തു

സൂറ : അൽഫീലിൽ, അല്ലാഹു (ത) പറയുന്നു.

## വചനം: 2

നിന്റെ നാഥൻ ആ ആനയുടെ ഉടമസ്ഥരുമായി എങ്ങനെയാണ് പെരുമാറിയെന്ന് നീ കണ്ടില്ലേ? (a) നിങ്ങൾ കണ്ടില്ലേ? അതുകൊണ്ട് ഉദ്ദേശിക്കുന്നത് കാണാനുള്ള മാനസിക ശക്തിയെയാണ്. ഈ സംഭവം നടക്കുന്നത് ഇസ്ലാമിന്റെ ആവിർഭാവത്തിന് മുൻപാണ്. വ്യക്തമായി പറഞ്ഞാൽ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ ജനനവർഷത്തിലായിരുന്നു. പരിശുദ്ധ പ്രവാചകൻ ഈ സംഭവത്തിന് സാക്ഷിയല്ല എന്നാൽ ഈ സംഭവം ഒരു ചരിത്രസംഭവമാണ്. ഇതിന്റെ പിന്നിൽ ഒരു ധാർമ്മിക പാഠം നിലകൊള്ളുന്നു. അല്ലാഹു (ത) അവന്റെ ദൂതനെ പഠിപ്പിക്കുകയാണ്. ഈ സംഭവം അല്ലാഹുവിൽ നിന്നുള്ള ഒരു അടയാളവും ഒരു ദിവ്യദൃഷ്ടാന്തവുമാണ്. മുൻപ് കഴിഞ്ഞുകടന്ന സംഭവവും അല്ലാഹു (ത) അദ്ദേഹത്തെ പഠിപ്പിക്കുകയാണ്. ഇത് അദ്ദേഹത്തിന്റെ അറിവിൽപ്പെട്ടതല്ല. എന്നാൽ ഈ സംഭവം ചരിത്രത്തിന്റെ ഒരു നാഴികകല്ലാണ് ഇത് അനന്തമായി വിശുദ്ധഖുർആനിൽ നിലനില്ക്കുന്നതായിരിക്കും. അത് മാത്രമല്ല ഇതിൽ ചിന്തിക്കുവാനേറയുണ്ട്. കഴിഞ്ഞകാലത്ത് സംഭവിച്ച ഈ കാര്യങ്ങളെകുറിച്ച് ജനങ്ങൾ ഗാഢമായി ചിന്തിക്കാം. അവർക്ക് പാഠം ഉൾകൊള്ളാം അല്ലാഹുവിന്റെ ഇഛയയ്ക്കെതിരിൽ ഇറങ്ങി പുറപ്പെട്ടാൽ, അതിന്റെ അർത്ഥം അല്ലാഹുവിനെതിരിൽ തന്നെ ഇറങ്ങി വെല്ലുവിളിക്കലായി തീരും.

## വചനം ; 3

അവരുടെ കുതന്ത്രത്തെ അവൻ പരാജയപ്പെടുത്തിയില്ലേ ?

ആനക്കാർ എന്ന് പറഞ്ഞിരിക്കുന്നത് അബ്റഹായുടെ സൈന്യത്തിലെ ആൾക്കുട്ടങ്ങളെയാണ് പട്ടാളക്കാരെയാണ്, അബ്സീനിയായിലെ ഭരണാധികാരി മക്കയെ ആക്രമിക്കാനായി അവന്റെ പട്ടാളക്കാരോടും അവരോടൊപ്പം സൈന്യത്തിന്റെ ഭാഗമായ ആനകളേയും കൊണ്ടാണ് പുറപ്പെട്ടത്

## വചനം ; 4

**അവരുടെമേൽ കൂട്ടം കൂട്ടമായി പക്ഷികളെ അവന യ്ക്കുകയും ചെയ്തു**

അവിടെ പ്രകടമാക്കിയ ദിവ്യാത്ഭുതം എന്നു പറയുന്നത് അല്ലാഹു പക്ഷികളെ അയ്ച്ചു എന്നതാണ് അവയുടെ കൈകളിൽ കല്ലുകളുമുണ്ടായിരുന്നു. പ്രസ്തുത പക്ഷികൾ അത് ഈ പറയപ്പെട്ട ശക്തമായ സൈന്യത്തിനു മേൽ വളരെയധികം ചൊരിക്കുകയുണ്ടായി. അതേ തുടർന്ന്, പകർച്ച വ്യാധി അവരെ പിടികൂടുകയും, പ്രസ്തുത താണ്ഡവത്തിൽ മുഴുവൻ സൈന്യവും നശിച്ചൊടുങ്ങുകയുമുണ്ടായി.

## വചനം ; 5

**അവ ചുട്ടുപഴുത്തകളിമൺ കല്ലുകൾ കൊണ്ട് അവരെ എറിയുകയായിരുന്നു.**

സിജ്ജീൽ എന്ന വാക്ക് ഖുർആനിലെ മറ്റൊരു വചനത്തിലും പരാമർശിച്ചിരിക്കുന്നു. (15 : 75) അലൈഹിം ഹിജാറത്തൻ മിൻസിജ്ജീല് ചുട്ടുപഴുത്ത കട്ടിയുള്ള കല്ലുകൾ അവരുടെ മേൽ മഴപോലെ നാം വർഷിച്ചു. ഇത്തരം കല്ലുകൾ (ഒരു വക ചുട്ടുകളിമണ്ണ്) അല്ലെങ്കിൽ ടെറാകോട്ട എന്നു പറയുന്ന ഈ ചുട്ടകളിമൺ കല്ലുകളെക്കാൾ കട്ടിയുള്ള പ്രസ്തുത കല്ലുകൾ അത്ഭുത പ്രതിഭാസമായി മാറിയിട്ടുണ്ട്. അത്തരം കല്ലുകൾ ചരിത്രം കരുതിവെച്ചിരിക്കുന്നു.

## വചനം ; 6

അങ്ങനെ അവൻ അവരെ ധാന്യങ്ങളും വൈക്കോലും കറ്റയുടെ മൂടും തിന്നശേഷമുള്ള ഒഴിഞ്ഞ നിലം പോലെ ആക്കിയില്ലേ ?

ഒരു സ്ഥലം അവിടെ ഉണ്ടായിരുന്നതെല്ലാം ആളുകൾ തിന്നു തീർത്തു, ബാക്കി ഒന്നുമില്ല, അപ്പോൾ അത് മരണപ്പെട്ട ഉപയോഗശൂന്യമായ ഒരു സ്ഥലം പോലെയായി. അതുപോലെ അബ്റാഹയുടെ സൈന്യത്തെ ഇല്ലാതാക്കി, അവിടം മരണപ്പെട്ട ഉപയോഗശൂന്യമായ ഒരു സ്ഥലമാക്കി മാറ്റുകയുണ്ടായി. കഅ്ബയെ തകർക്കുവാനുള്ള അവരുടെ മനസ്സിലുണ്ടായിരുന്ന അവരുടെ പദ്ധതി വിജയം

കണ്ടില്ല. എന്റെ പ്രസംഗത്തിന്റ പ്രാരംഭത്തിൽ ഞാൻ പറഞ്ഞതുപോലെ, ഇതിൽ രണ്ട് ഗുണപാഠങ്ങൾ അടങ്ങിക്കികിടക്കുന്നു. ഒന്ന് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ)ന്റെ കാലത്ത് ആരെല്ലാം അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും ശത്രുക്കളായി മാറുന്നുവോ പരിശുദ്ധ പ്രവാചകൻ (സ) ന്റെയും അല്ലാഹുവിന്റെയും പദ്ധതികൾ പൊളിക്കുവാൻ ശ്രമിക്കുന്നുവോ അപ്പോൾ സർവ്വശക്തനായ അല്ലാഹു അവരെ പിടികൂടന്നതാണ്, അവരെ ചവിട്ടി അരയ്ക്കുന്നതാണ്, അബ്റഹയുടെ സൈന്യത്തെ ചെയ്തതുപോലെ !

കാലാകാലങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന ജനതയ്ക്ക്, ഇതുകൊണ്ടുള്ള ഗുണപാഠം, അവർ അല്ലാഹുവിനെക്കാൾ കൂടുതൽ അധികാരമുള്ളവരാണ്, അവനെക്കാൾ മേലെകിടയിലാണ്, തനിക്കു എന്തുമാകാം എന്ന് ധരിക്കുന്നുവെങ്കിൽ, എന്നും നിലനിൽക്കേണ്ടതാണ് എന്ന് അവൻ കല്പിച്ചിട്ടുള്ള സാധനങ്ങൾ നശിപ്പിക്കുവാൻ ശ്രമിച്ചാൽ, അതു ഭൂമുഖത്തെയാലും ശരി, ആത്മീയത യിലാലയും ശരി, അല്ലാഹുവിന്റെ പദ്ധതികളെ നിലം പരിശാക്കുവാൻ അവർ ശ്രമിച്ചാൽ, അല്ലാഹു (ത) അപ്പോൾ അവരെ കഠിനമായി പിടികൂടുന്നതാണ്, അവരെ നശിപ്പിക്കുന്നതുമാണ്. അല്ലാഹു (ത) ഒരാളെ തെരഞ്ഞെടുത്ത് അവന്റെ സന്ദേശം (മുന്നറിയിപ്പും സന്തോഷവാർത്തയും) എത്തിക്കുന്ന ഒരു കാലഘട്ടത്തിലാണ് നിങ്ങൾ ജീവിച്ചു കൊണ്ടിരിക്കുന്നത്. ചില ജനങ്ങളും അമേരിക്ക പോലുള്ള രാജ്യങ്ങളും ഭൂമിയിലെ ദൈവങ്ങൾ അവരാണെന്ന് കരുതുന്നു. മുൻകാലങ്ങളിൽ ഇസ്ലലാമിനെ ഇല്ലായ്മ ചെയ്തതു പോലെ ഇല്ലായ്മ ചെയ്യുവാനായി അവർ പദ്ധതികൾ ഇടുന്നു. എന്നാൽ ഇന്ന് നാം കണ്ടു കൊണ്ടിരിക്കുകയാണ്, അല്ലാഹു എങ്ങനെയാണ് അവരെ, കുറശ്ശെ കുറെശ്ശയായി നശിപ്പിച്ചു കൊണ്ടിരിക്കുന്നത് എന്ന്, സമയമാകുമ്പോൾ ആ വലിയ നാശം അവരെ പിടികൂടുക തന്നെ ചെയ്യും. ഈ നാശം തടഞ്ഞു നിർത്തുവാൻ കഴിവുള്ള ഒരുവനും ഈ ഭുമുഖത്ത് ഉണ്ടാവില്ല. അവന്റെ പദ്ധതിക്കായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് ആരാണെന്നും, അവന്റെ പദ്ധതികൾക്ക് എതിരായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് ആരാണെന്നും, അവന് നല്ലതു പോലെ അറിയാം. തീർച്ചയായും അക്രമികളുടെ പദ്ധതികൾ ഒരിക്കലും വിജയിക്കുകയില്ല തന്നെ.

വിശുദ്ധഖുർആനിലെ താഴെ പറയുന്ന ചില വചനങ്ങളും അല്പം ചില ഉപദേശങ്ങളും നല്കിക്കൊണ്ട് ഈ പ്രസംഗം ഉപസംഹരിക്കുകയാണ്

അതിനാൽ നീ ഉപദേശിക്കുക. നിശ്ചയമായും നീ ഉപദേശിക്കുന്നവൻ മാത്രമാണ് 88 : 22

നീ അവരുടെ മേൽ അധികാരം നടത്തുന്നവനല്ല (88 : 23)

എന്നാൽ വല്ലവനും പിന്തിരിഞ്ഞുപോവുകയും നിരാകരിക്കുകയും ചെയ്യുന്നതായാൽ 88 : 24

അവനെ അല്ലാഹു കഠിനമായി ശിക്ഷ ശിക്ഷിക്കുന്നതാണ് (88 : 25)

അല്ലാഹു (ത) നിങ്ങളെ എല്ലാവരേയും സംരക്ഷിക്കട്ടെ ! അങ്ങനെ ആയാൽ നിങ്ങൾ ഒരിക്കലും അവന്റെ സന്ദേശത്തിനെതിരിൽ നില്ക്കില്ല. അവന്റെ ഈ നൂറ്റാണ്ടിലെ ദൂതനെതിരിലും നിങ്ങൾ നിലയുറപ്പിക്കില്ല. ഇതിനുശേഷവും റുഹുൽഖുദ്സുമായി വരുന്നവർക്കെതിരിലും നിലനില്ക്കില്ല. അവൻ അപ്രകാരം തെരഞ്ഞെടുത്തയ്ക്കുന്നത് ഖുർആനെ നവീകരിക്കുവാനും നിങ്ങളെ ശുദ്ധീ കരിക്കുവാനുമാണ്. നിങ്ങളെ സഹീഹിൽ ഇസ്ലാമിലേക്ക് (ശരിയായ ഇസ്ലാമിലേക്ക്) മടക്കിക്കൊണ്ടുവരുവാനാണ്. അപ്പോൾ നിങ്ങൾ കഠിന പ്രകൃതക്കാരാകില്ല. അല്ലാഹു തെരഞ്ഞെടുത്ത ആളിനും നിഷ്കളങ്കരായ വിശ്വാസികൾക്കും നിങ്ങൾ തടസ്സങ്ങൾ സൃഷ്ടിക്കുകയില്ല. കാരണം അവർ തന്നെ ആയിരിക്കും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിജയശ്രീലാളിതരായിതീരുന്നത്.

നിങ്ങൾ ഒരു സവിശേഷനൂറ്റാണ്ടിലാണ് ജീവിച്ചുകൊണ്ടിരിക്കുന്നത്. കാരണം ഈ നൂറ്റാണ്ടിൽ ഇതാ അല്ലാഹുവിനാൽ തെരഞ്ഞെടുത്ത ഒരാൾ ജീവിച്ചിരിക്കുന്നു. അല്ലാഹുവിലേക്ക് നിങ്ങളെ നയിക്കുവാൻ മാർഗ്ഗദർശനം നല്കുവാൻ ! ആരൊക്കെ ഈ അനുഗ്രഹങ്ങളിൽ പൂർണ്ണമായി പ്രയോജനം നേടുന്നുവോ അവർ, അവർ തന്നെയാണ് അനുഗ്രഹീതർ ! എന്നാൽ അവരുടെ സന്താനങ്ങളും പിന്നീട് ജനിക്കുന്ന സന്താനങ്ങളുടെ സന്താനങ്ങളും, ദൈവീക നിയമങ്ങൾ തിരസ്ക്കരിക്കുന്നതിനെ ഞാൻ മുന്നറിയിപ്പ് നല്കുകയാണ്. ശരിയായ

ഇസ്ലാമിനെ നിലനിർത്തുവാൻ ജീവസുറ്റതാക്കുവാൻ, ഇസ്ലാമിനെ അതിന്റെ വിശ്വസ്തതയിൽ നിലനിർത്തുവാൻ, മഹാനായ പ്രവാചകൻ മുഹമ്മദ് (സ) യുടെ ചര്യയെ ജീവസ്സുറ്റതാക്കുവാൻ, ദീൻ പരിഷ്ക്കരണാർത്ഥം നിങ്ങളുടെ മുൻപാകെ നില്ക്കുന്ന ഈ വിനീതന്റെ പരിഷ്കരണ ദൗത്യങ്ങളെ ജീവസ്സുറ്റ താക്കേണ്ട വമ്പിച്ച വമ്പിച്ച ഉത്തരവാദിത്വമാണ് നിങ്ങൾക്കുള്ളത്.

അപ്പോൾ, നാളെ എനിക്ക് ശേഷം ഈ അധ്യാപനങ്ങളെ ജീവനുള്ളതായി വിനയപൂർവ്വം നിലനിർത്തേണ്ടത് നിങ്ങളാണ്. കാരണം ധിക്കാരികൾ, കഠിനമാനസർ, ശൂന്യമനസ്ക്കർ അവരെ അല്ലാഹു അംഗീകരിക്കില്ല. സംശുദ്ധ ഹൃദയ ഉടമകളെയാണ് അല്ലാഹു സ്നേഹിക്കുന്നത്, സത്യസന്ധരെയാണ് അവന് വേണ്ടത്. ആത്മാർത്ഥയെയുള്ളവരെയാണവൻ ഉറ്റുനോക്കുന്നത്. അവന്റെ മാർഗ്ഗത്തിൽ പണിചെയ്യുവാൻ വിനീതരെയും, നല്ലവരെയും, ഈ ലോകത്തിലെ അധികാരത്തിലും ധനത്തിലും മോഹമില്ലാത്തവരെയും, അവൻ കാത്തിരിക്കുന്നു. ഇൻശാ അല്ലാഹ് അല്ലാഹുവിനോടുള്ള എന്റെ പ്രാർത്ഥനയും ആഗ്രഹവും ഇതാണ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമും നിങ്ങളുടെ മുൻപാകെ നില്ക്കുന്ന അല്ലാഹുവിന്റെ വീനിതദാസനായ ഈയുള്ളവന്റെ യഥാർത്ഥ അനുയായികളും വിധിനാൾവരേയും ആത്മീയമായി ജീവനുള്ളവരായി നിലനില്ക്കേണമെ എന്നതാണ്. ഇൻശാ അല്ലാഹ് നിങ്ങളുടെ ഭക്തിയാൽ, അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ, വിശ്വാസികളുടെ ഐക്യസമൂഹത്തെ (ഉമ്മത്തെവാഹിദ) മടക്കികൊണ്ട് വരുന്നതിൽ നാം വിജയിക്കും, അല്ലാഹുവിന്റെ തൃപ്തിയെ കാംഷിച്ച് മാത്രം അല്ലാഹുവിന്റെ പ്രതാപത്തെ പുനഃസ്ഥാപിക്കുവാൻ ! അല്ലാഹുവിന്റെ ഏകത്വത്തെ ഭൂമിയിൽ ഉയർത്തിപിടിക്കുവാൻ ! ഇൻശാ അല്ലാഹ് ആമീൻ


**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**